**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.325 — 04.06.2018 ൽ മറുപടിക്ക്

## തലശ്ശേരി ജനറൽ ആശുപത്രിയ്ക്ക് തിയേറ്റർ കോംപ്ലക്സ്

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 150 ലക്ഷം രൂപ ഉപയോഗിച്ച് തലശ്ശേരി ജനറൽ ആശുപത്രിയ്ക്ക് തിയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 14/12/2017-ന് ഭരണാനുമതി ലഭ്യമായിട്ടുണ്ടെങ്കിലും ഇതുവരെയും ആയതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3529/2017/ആ.കു.വ തീയതി 14.12.2017 പ്രകാരം പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിൽ പൊതുമരാമത്ത് വകുപ്പിന്റെ സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുകയാണ്. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ